# സാരംഗിന്റെ പ്രവർത്തന മൂലധനം

*ഗോപാലകൃഷ്ണനും*

*വിജയലക്ഷ്മിയും*

കാലം 1982. അട്ടപ്പാടിയിലെ അഗളിക്കടുത്ത് നക്കുപ്പതിപ്പിരിവെന്ന സ്ഥലം. വിജയലക്ഷ്മിക്കു അഗളി ഗവ. എൽ.പി. സ്കൂളിൽ സ്ഥിരം പണി. ഗോപാലകൃഷ്ണന് വയനാട്ടിൽ താൽക്കാലിക പണി. സ്ഥിരം പണി ആദ്യം കിട്ടുന്നയാളുടെ പ്രദേശത്ത് സ്വന്തമായൊരു സ്കൂളു തുടങ്ങുക എന്നതാണു ഞങ്ങളുടെ സ്വപ്നം. രണ്ടുപേർക്കും പണിയുണ്ടെങ്കിലും ഞങ്ങൾ ദാരിദ്ര്യത്തിലായിരുന്നു. സ്കൂൾ തുടങ്ങണമെങ്കിൽ പണം വേണം. അതിനാണു ഞങ്ങൾ ബദറുദ്ദീൻ എന്ന പോലീസുകാരനെ സമീപിക്കുന്നത്.

'ഞങ്ങടെ നാട്ടിലിതിനെ 'ബ്ലേഡ്'ന്നാണ് പറയുന്നത്' - ബദറുദ്ദീൻ ഞങ്ങളെ നോക്കിപ്പറഞ്ഞു. ബാങ്കു നിരക്കിലും കൂടുതൽ പലിശക്കു പണം കൊടുക്കുന്ന ഏർപ്പാടിന് ബ്ലേഡെന്നൊരു പേരുണ്ടെന്ന് അന്നാണു ഞങ്ങളറിയുന്നത്.

കച്ചവടക്കാർക്കാണ് അദ്ദേഹം സാധാരണ കൊടുക്കാറ്. പാവപ്പെട്ടവരുടെ മക്കളെ പഠിപ്പിക്കാനായി ഒരു പള്ളിക്കൂടം തുടങ്ങാനാണ് ഞങ്ങൾ ചെന്നിട്ടുള്ളത്. ഞങ്ങൾക്കെങ്ങിനെ മുതലാകുമെന്ന് അദ്ദേഹം ചോദിക്കുകയും ചെയ്തു. ഞങ്ങളുടെ കൂട്ടത്തിൽ ജാമ്യക്കാരനായൊരു മാഷുണ്ടായിരുന്നു. ആ മാഷുടെ ഉറപ്പിൻമേൽ ബദറുദ്ദീൻ അഞ്ഞൂറുരൂപ തന്നു. ഇന്നു കാണുന്ന സാരംഗിന്റെ ആദ്യത്തെ പ്രവർത്തന മൂലധനം അതായിരുന്നു. മാസം പതിനഞ്ചു ശതമാനമായിരുന്നു പലിശ.

വാടകയ്ക്കെടുത്ത വീടിന്റെ മുറ്റം ഇടിച്ചുനിരത്തി ഒരു ഷെഡ്ഡുണ്ടാക്കി. അതോടെ ശമ്പളവും പലിശയ്ക്കു വാങ്ങിയ പണവും തീർന്നു. നാലഞ്ചു ബെഞ്ചും ബ്ലാക്ക് ബോർഡുമുണ്ടാവണം. പലചരക്കു കടയിലെ പറ്റു തീർന്നിട്ടില്ല. അല്ലറ ചില്ലറ കടങ്ങൾ വേറെയുമുണ്ട്. കള്ളുകുടിയനായ മുറിയുടമയ്ക്ക് വാടക കൊടുത്തിട്ട് കുറച്ചായി.

സർക്കാർ സ്കൂളിലെ സഹപ്രവർത്തകരുടെ രാഷ്ട്രീയ പ്രവർത്തനവും അവർ പഠിപ്പിക്കാൻ കാട്ടുന്ന നിസ്സംഗതയും സഹിക്കാൻ കഴിയുന്നില്ല. അതിനോടു പ്രതികരിച്ചു പ്രതികരിച്ച് സ്നേഹത്തോടെ സംസാരിക്കാനാളില്ലെന്നായി. മാത്രമല്ല ഞങ്ങൾക്കു വട്ടാണെന്ന് അവർ പ്രചരിപ്പിക്കുകയും ചെയ്തു. അധ്യാപകരെന്ന നിലയിൽ നാട്ടുകാരാരും ഞങ്ങളെ അംഗീകരിച്ചുമില്ല.

തന്നിഷ്ടപ്രകാരം ഒന്നിച്ചു ജീവിച്ചു തുടങ്ങിയവരാണു ഞങ്ങൾ. അതുകൊണ്ട് സഹായം ചോദിച്ച് വീട്ടിലേയ്ക്കും ചെല്ലാനാവില്ല.

അങ്ങിനെയാണ് വളരെ രഹസ്യമായി ഞങ്ങളാത്മഹത്യയെക്കുറിച്ചു ചർച്ച ചെയ്യുന്നത്. ഒരു തോടിന്റെ കരയിലിരുന്നാണ് ചർച്ച. അന്നു ഞങ്ങളുടെ മോന് രണ്ടു വയസ്സ് കഴിഞ്ഞിട്ടുണ്ട്. മിടുമിടുക്കൻ. അവനെ എന്തു ചെയ്യണമെന്ന ചിന്തയിൽ ആത്മഹത്യാ ചർച്ച വഴിമുട്ടിനിന്നു. അന്നുമിന്നും ഒരു കൊലപാതകം ചെയ്യാനുള്ള മനഃകരുത്ത് ഞങ്ങൾക്കില്ല. നിഷ്കളങ്കനായ സ്വന്തം കുഞ്ഞിനെക്കുറിച്ച് ഞങ്ങൾക്കങ്ങിനെ ചിന്തിക്കാൻ പോലുമാവുന്നില്ല. ഒരു തീരുമാനവുമെടുക്കാതെ ഞങ്ങൾ മടങ്ങി. പരസ്പരമൊന്നും മിണ്ടാതെ കുഞ്ഞിനെയും കെട്ടിപ്പിടിച്ചു കിടന്നു ഞങ്ങളുറങ്ങി. ആ രാത്രി ഞങ്ങൾ രണ്ടാളും ഒത്തിരി കരഞ്ഞെന്നാണോർമ.

മാഷെ, മാഷെ, എന്നുള്ള വിളിയും കതകിനുള്ള തട്ടും കേട്ടാണ് ഞങ്ങളുണർന്നത്. കതകു തുറക്കുമ്പോൾ കാണുന്നത് ശങ്കരൻമാഷെ.

വയനാട്ടിൽ ഞങ്ങൾ ജോലി ചെയ്തിരുന്ന സ്കൂളിലെ ഹെഡ്മാസ്റ്ററായി റിട്ടയർ ചെയ്തിരുന്ന ആളാണ്. അദ്ദേഹത്തിന്റെ മകൾ ഞങ്ങളുടെ സഹപ്രവർത്തകയായിരുന്നു. അങ്ങിനെ ഞങ്ങളവരുടെ കുടുംബ സുഹൃത്തുക്കളായി. ആ ബന്ധം വളർന്നു വളർന്നു ഞങ്ങളോടു വലിയൊരു കടപ്പാടുണ്ടാകത്തക്കവിധം ചിലതുകൂടി സംഭവിച്ചിരിക്കുന്നു.

ശങ്കരൻമാഷ് തക്കതായ ഈടിൻമേൽ മാത്രം പണം കടം കൊടുക്കുന്ന ആളായിരുന്നു. അതില്ലാതെ അദ്ദേഹം പണം തന്നിട്ടുള്ളത് ഞങ്ങൾക്കു മാത്രമാണത്രെ.

പണത്തിനു ബുദ്ധിമുട്ടായപ്പോൾ സഹായത്തിനായി ധാരാളം പേർക്കു കത്തെഴുതി. ആരും പ്രതികരിച്ചില്ല. കൂട്ടത്തിൽ ശങ്കരൻ മാഷിനും എഴുതിയിരുന്നു. ഞങ്ങളാവശ്യപ്പെട്ട അഞ്ഞൂറുരൂപയുമായി കുന്നംകുളത്തു നിന്നുമെത്തിയതാണു മാഷ്.

തലേന്നു നടത്തിയ ആത്മഹത്യാ ചർച്ച വിജയിച്ചിരുന്നെങ്കിൽ ഒരു സിനിമാക്കഥ പോലാവുമായിരുന്നു. മരിച്ചു കിടക്കുന്ന ഞങ്ങൾക്കു മുമ്പിൽ അതിരാവിലെ പണവുമായി ആ പാവം വന്നു നിൽക്കില്ലേ? അദ്ദേഹം തിരക്കുന്നതു കൊണ്ടും വിളിക്കുന്നതുകൊണ്ടുമായിരിക്കില്ലെ ജനങ്ങൾ ഞങ്ങളുടെ ആത്മഹത്യാ വാർത്തയറിയുക?

അന്നു ശങ്കരൻ മാഷുതന്ന അഞ്ഞൂറുരൂപ ഇന്നത്തെ സാരംഗിന്റെ പ്രവർത്തന മൂലധനത്തിന്റെ രണ്ടാം ചുവടു വയ്പായിരുന്നു.

ഒന്നിച്ചു പ്രവർത്തിക്കാനും സാരംഗിനൊരുപിടി മണ്ണുവാങ്ങാനും ഒരു സംഘം സമാന മനസ്കർ അന്നു തയ്യാറായി. അവർ പല കാരണങ്ങളാൽ പിരിഞ്ഞു പോയെങ്കിലും സാരംഗിന്റെ ഇന്നത്തെ വളർച്ചയിൽ അവർ സംതൃപ്തരാണെന്നാണറിവ്.

ഞങ്ങളുടെ പ്രവർത്തനങ്ങൾ വേരുറയ്ക്കുകയാണെന്നു കണ്ടപ്പോൾ സഹാധ്യാപകരടക്കം ഞങ്ങളെ പിഴുതെറിയാൻ ശ്രമിച്ചവർ അനേകമാണ്. അവരെല്ലാം അതിനുപകരണമാക്കിയത് ആദിവാസികളെയാണ് താനും.

(തുടരും)